**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 933** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി കെ. കെ. രമ</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ മുഖേന വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;</td><td>(എ)</td><td><u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br><br>ഈ സർക്കാർ അധികാരമേറ്റതിന് ശേഷം വടകര നിയോജക മണ്ഡലത്തിൽ വകുപ്പ് മുഖേന പുതുപ്പണത്ത് പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി 482.59 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട് .<br><br><u>പട്ടികജാതി വികസന വകുപ്പ്</u><br><br>ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ പട്ടികജാതി വകുപ്പ മുഖേന വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം</th><th>പദ്ധതി</th><th>എണ്ണം</th><th>തുക</th></tr>
<tr><td>1</td><td>ഭൂരഹിത പുനരധിവാസ പദ്ധതി</td><td>8</td><td>30,00,000</td></tr>
<tr><td>2</td><td>പഠനമുറി</td><td>14</td><td>26,90,000</td></tr>
<tr><td>3</td><td>സേഫ് പദ്ധതി</td><td>6</td><td>11,50,000</td></tr>
<tr><td>4</td><td>ഭവനപൂർത്തീകരണം</td><td>7</td><td>10,50,000</td></tr>
<tr><td>5</td><td>ചികിത്സാധനസഹായം</td><td>146</td><td>32,73,500</td></tr>
<tr><td>6</td><td>വിവാഹ ധനസഹായം</td><td>33</td><td>33,25,000</td></tr>
<tr><td>7</td><td>മിശ്രവിവാഹ ധനസഹായം</td><td>26</td><td>19,50,000</td></tr>
<tr><td>8</td><td>ഏകവരുമാനം</td><td>7</td><td>14,00,000</td></tr>
<tr><td>9</td><td>സ്വയംതൊഴിൽ ധനസഹായം</td><td>3</td><td>3,00,000</td></tr>
<tr><td>10</td><td>വിദേശതൊഴിൽ ധനസഹായം</td><td>6</td><td>6,00,000</td></tr>
<tr><td>11</td><td>അയ്യങ്കാളി സ്കോളർഷിപ്പ്</td><td>146</td><td>6,60,500</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ മുഖേന നടപ്പാക്കുന്നതിന് അനുമതി</td><td>(ബി)</td><td><u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br><br>പട്ടിക വർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം പുതുപ്പണത്ത് പുരോഗമിച്ചു വരുന്നു .</td></tr>
</table>

| | | | |
|---|---|---|---|
| | ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തികരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ; | | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>ഇല്ല. ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പ മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ<br><br>പോയതോ ആരംഭിച്ച ശേഷം പൂർത്തികരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഒന്നും ഇല്ല. |
| (സി) | ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്ര വീതമാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | **<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പുതുപ്പണത്ത് പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് 482.59 ലക്ഷം രൂപ 100% കേന്ദ്ര വിഹിതമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്.<br><br>**<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>അനുബന്ധമായി ചേർക്കുന്നു |
| (ഡി) | ഇതിൽ കേന്ദ്ര സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്ര വീതമാണ്; | (ഡി) | **<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പുതുപ്പണത്ത് പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് 482.59 ലക്ഷം രൂപ 100% കേന്ദ്ര വിഹിതമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്.<br><br>**<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>അനുബന്ധമായി ചേർക്കുന്നു |
| (ഇ) | ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിനായി വകുപ്പുകൾ മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഇ) | **<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പുതുപ്പണത്ത് പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് 482.59 ലക്ഷം രൂപ 100% കേന്ദ്ര വിഹിതമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്.<br><br>**<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | പദ്ധതി | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 | ആകെ |
|---|---|---|---|---|---|---|---|
| 1 | ഭൂരഹിത പുനരധിവാസ പദ്ധതി | 1875000 | 375000 | 750000 | | | 3000000 |
| 2 | പഠനമുറി | 1400000 | 490000 | 800000 | | | 2690000 |
| 3 | സേഫ് പദ്ധതി | | 600000 | 550000 | | | 1150000 |
| 4 | ഭവന പൂർത്തീകരണം | 1050000 | | | | | 1050000 |
| 5 | ചികിത്സാ ധനസഹായം | 357000 | 909000 | 475000 | 1230000 | 302500 | 3273500 |
| 6 | വിവാഹ ധനസഹായം | 600000 | 575000 | 900000 | 750000 | 500000 | 3325000 |
| 7 | മിശ്രവിവാഹം ധനസഹായം | 900000 | 225000 | 450000 | 375000 | | 1950000 |
| 8 | ഏകവരുമാനം | 600000 | 400000 | 400000 | | | 1400000 |
| 9 | സ്വയംതൊഴില് ധനസഹായം | | | 100000 | 200000 | | 300000 |
| 10 | വിദേശതൊഴില് ധനസഹായം | | 200000 | | 400000 | | 600000 |
| 11 | അയ്യങ്കാളി സ്കോളർഷിപ്പ് | 171000 | 229500 | 121500 | 58500 | 80000 | 660500 |